## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5832 — 28.03.2018 ൽ മറുപടിക്ക്

# സർക്കാർ ആശുപത്രികളിൽ ഒ.പി.ടിക്കറ്റിന് ഏകീകൃത നിരക്ക്

| | ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ഏകീകൃതമായ നിരക്ക് നിശ്ചയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനു കീഴിൽ വരുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഏകീകൃതമായ ഒ.പി. ടിക്കറ്റിന് നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.<br><br>ഇതിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഒ.പി.ടിക്കറ്റിന് നിലവിൽ ഫീസ് ഈടാക്കുന്നില്ല.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കീഴിലുള്ള കണ്ണാശുപത്രിയിൽ രണ്ട് രൂപ നിരക്കിലും, മഞ്ചേരി മെഡിക്കൽ കോളേജ്, പാങ്ങപ്പാറ ഹെൽത്ത് സെന്റർ, വക്കം ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഒ.പി.ടിക്കറ്റിന് അഞ്ച് രൂപ നിരക്കിലും ഫീസ് ഈടാക്കി വരുന്നു. |
| (ബി) | ആശുപത്രി വികസന സമിതി മുഖാന്തരം പ്രാദേശികമായി നിജപ്പെടുത്തി വരുന്ന ഈ നിരക്ക് സംബന്ധിച്ചുള്ള അപാകതകൾ പൊതുവായി പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ ; | (ബി)<br>(സി)<br>&<br>(ഡി) | സർക്കാർ ആശുപത്രികളിൽ അതാത് ആശുപത്രി വികസന സമിതി മുഖാന്തിരം പ്രാദേശികമായി തുലോം തുച്ഛമായ നിരക്കിലാണ് ഒ.പി.ടിക്കറ്റിന് ഫീസ് ഈടാക്കി വരുന്നത്. ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇത് അപര്യാപ്തമാണെങ്കിലും അധികഭാരം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണ ജനങ്ങളെ ബാധിക്കാത്ത രീതിയിൽ ആയതു കാലോചിതമായി പരിഷ്കരിച്ചിട്ടില്ല എന്നത് വാസ്തവമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിവിധ വിഭാഗം ജനങ്ങൾക്ക് മിതമായ നിരക്ക് ക്രമീകരിച്ചുകൊണ്ട് ഒ.പി.ടിക്കറ്റ് നിരക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനത്തിൽ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതു സംബന്ധിച്ച് കൂടി ആലോചനകൾ നടത്തേണ്ടതുണ്ട്. |
| (സി) | ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന സമിതിയ്ക്ക് ഉപയോഗ യോഗ്യമാക്കാവുന്ന ഈ തുക പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനത്തിൽ കാലോചിതമായി പരിഷ്കരിച്ച് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിഭാഗങ്ങൾക്ക് മിതമായ നിരക്ക് ക്രമീകരിച്ചുകൊണ്ട് പ്രസ്തുത നടപടി സത്വരമായി നടപ്പിലാക്കി ആശുപത്രികളുടെ വികസന സാധ്യത ത്വരിതപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ